മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) :

(എ) ഉണ്ട്. നേരിട്ടുള്ള നിയമനങ്ങളിൽ സംവരണ തത്വം പാലിക്കാൻ വേണ്ട നിർദ്ദേശം എല്ലാ പൊതുമേഖലാ സ്ഥാപനങ്ങൾക്കും നൽകിയിട്ടുണ്ട്.

(ബി, സി) മറ്റു പിന്നോക്ക സമുദായക്കാർക്ക് നിയമനങ്ങളിൽ അനുവദിച്ചിട്ടുള്ള പ്രാതിനിധ്യം അവർക്ക് ലഭ്യമാകുന്നുണ്ടോ എന്നു പരിശോധിച്ചു റിപ്പോർട്ട് സമർപ്പിക്കാൻ നിയമിതനായ സ്പെഷ്യൽ ഓഫീസർ അദ്ദേഹത്തിന്റെ റിപ്പോർട്ടിൽ സെക്രട്ടേറിയറ്റ് തലത്തിൽ ഒരു സ്പെഷ്യൽ സെൽ രൂപീകരിച്ച് പൊതുമേഖലാ സ്ഥാപനങ്ങളിലും സർക്കാർ സർവീസുകളിലുമുള്ള നിയമനങ്ങളിൽ മറ്റു പിന്നോക്ക സമുദായക്കാർക്ക് അനുവദിച്ചിട്ടുള്ള സംവരണം ലഭ്യമാക്കുന്നത് പരിശോധിച്ച് ഉറപ്പു വരുത്തണമെന്ന് നിർദ്ദേശിച്ചിരുന്നു. സ്പെഷ്യൽ ഓഫീസറുടെ റിപ്പോർട്ട് സർക്കാർ പഠിച്ചു വരികയാണ്.

കോളറ ബാധയുണ്ടായ പ്രദേശങ്ങൾ

* 16. [16] ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ വർഷക്കാലത്ത് കോളറ ബാധയുണ്ടായ പ്രദേശങ്ങൾ ഏതെല്ലാം ;

(ബി) വ്യാപകമായ ഡിസൻറി ഉണ്ടായ പ്രദേശങ്ങൾ ഏതെല്ലാം ;

(സി) മേൽപ്പറഞ്ഞ രോഗങ്ങൾ പിടിപെട്ടു മരിച്ചവരെത്ര ;

(ഡി) പകർച്ച വ്യാധിയുണ്ടായ സ്ഥലങ്ങളിൽ സ്വീകരിച്ച പ്രതിരോധ നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ;

(ഇ) പ്രസ്തുത രോഗം വരാതിരിക്കുന്നതിന് എന്തെല്ലാം പ്രതിരോധ നടപടികൾ ആ പ്രദേശങ്ങളിൽ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) :

(എ) തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കാസർഗോഡ് എന്നീ ജില്ലകളിൽ.

(ബി) എറണാകുളം, തൃശ്ശൂർ, പാലക്കാട്, വയനാട്, കണ്ണൂർ എന്നീ ജില്ലകളിൽ ഏതാനും സ്ഥലങ്ങളിൽ ഉണ്ടായിട്ടുണ്ട്.

(സി) കോളറമൂലം—8 (എട്ട്)

ഡിസൻറിമൂലം—19 (പത്തൊൻപത്)

(ഡി) 1480 ദുരിതാശ്വാസകേന്ദ്രങ്ങൾ ആലപ്പുഴ, എറണാകുളം തുടങ്ങിയ വെള്ളപ്പൊക്ക പ്രദേശങ്ങളിൽ ആരംഭിച്ചു. അർഹതയുള്ള കുടുംബങ്ങളെ മാറ്റി പാർപ്പിച്ച് രോഗികളെ ചികിൽസയ്ക്ക് വിധേയരാക്കുകയും ചെയ്തു.

(ഇ) വയറിളക്കരോഗനിയന്ത്രണത്തിന് സമഗ്രമായ ആരോഗ്യപരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്നു.

പഞ്ചായത്ത് ധനകാര്യ കമ്മീഷൻ

* 17. [17] ശ്രീ. പി. എം. അബൂബേക്കർ :
,, കെ.പി. എ. മജീദ് :
,, കൊരമ്പയിൽ അഹമ്മദ് ഹാജി :
,, പി.കെ. കുഞ്ഞാലിക്കുട്ടി :

LIBRARY ARCHIVES Kerala Legislative Assembly